പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 629 — 8-3-2012 ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ ഷാഫി പറമ്പിൽ<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ പി.സി. വിഷ്ണുനാഥ് | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

**ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| (എ) ജീവിത ശൈലീ രോഗങ്ങൾ തടയാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 14 ജില്ലകളിൽ സബ്സെന്റർ തലത്തിലും പി.എച്ച്.സി/ സി.എച്ച്.സികളിലും എൻസിഡി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. സബ്സെന്റർ തലത്തിൽ ആശാ പ്രവർത്തകരുടെ സഹായത്തോടെ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ ക്യാമ്പുകൾ നടത്തി പ്രദേശത്ത് നിലവിൽ രോഗമുള്ളവരെ കണ്ടെത്തുന്നു. രോഗികളെ വിദഗ്ധ ഡോക്ടർമാർ പരിശോധിച്ച് രോഗനിർണ്ണയവും, ചികിത്സയും, ചികിത്സാ നിർദ്ദേശങ്ങളും നൽകുകയും കൂടുതൽ പരിശോധനകൾക്കായി ജില്ലാ ആശുപത്രികൾ, മെഡിക്കൽകോളജ് എന്നിവിടങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനവ്യാപകമായി 14 ജില്ലകളിലും സെമിനാറുകൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ എന്നീ കർമ്മപരിപാടിയും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (ബി) ഇതിനായി വെൽനെസ്സ് ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി)യും (സി)യും(ഡി)യും വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും ; | |
| (ഡി) ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ ; വിശദമാക്കുമോ ? | |

B.V.Kumaran

സെക്ഷൻ ഓഫീസർ